

THURSDAY 11.01.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/01/2024

1. കേരള സംസ്ഥാന ബാംബൂ മിഷൻ ഒരുക്കുന്ന 20-ാമത് കേരള ബാംബൂ ഫെസ്റ്റ് 2024 ജനുവരി 12 മുതൽ 17 വരെ എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ സംഘടിപ്പിക്കുന്നു. 2024 ജനുവരി 12ന് ഉദ്ഘാടനത്തിനോടനുബന്ധമായി വൈകുന്നേരം 6.00 മണി മുതൽ മേള പ്രദർശനം ആരംഭിക്കും. പൊതുജനങ്ങൾക്ക് മുള-കരകൗശല ഉത്പ്പന്നങ്ങളുടെ നിർമാണ രീതികൾ തത്സമയം നേരിട്ട് മനസ്സിലാക്കുന്നതിനും കലാകാരന്മാരോട് ആശയവിനിമയം നടത്തുന്നതിനും ഒപ്പം വിപണന സാധ്യത പ്രയോജനപ്പെടുത്തുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. 2024 ജനുവരി 13 മുതൽ 17 വരെ രാവിലെ 11.00 മുതൽ രാത്രി 9.00 മണി വരെയാണ് മേളയുടെ സമയക്രമം. മേളയിൽ പ്രവേശനം സൗജന്യമാണ്.

2. കേരള പ്ലാന്റേഷൻ എക്സ്പോ 2024 കൊച്ചി -കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ വച്ച് ജനുവരി 20 21 22 തീയതികളിൽ ആയി സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് 150 ഓളം സ്റ്റാളുകൾ, ബി ടു ബി മീറ്റ്, പ്ലാന്റേഷൻ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും ഉണ്ടായിരിക്കും. സ്റ്റാളുകൾ രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ തുറന്നു പ്രവർത്തിക്കും.

3. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ പെൻഷൻ ലഭിക്കാൻ അർഹത ഉള്ളവർക്ക് 2024 ജനുവരി 1 മുതൽ മാർച്ച് 31 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീരവികസന യൂണിറ്റുമായോ, ജില്ലാ ഗുണനിയന്ത്രണ ഓഫീസറുടെ കാര്യാലയവുമായോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കാർഷിക കോളേജ് വെള്ളാനിക്കരയിൽ ടിഷ്യുകൾച്ചർ വാഴ തൈകളും കുരുമുളക്, കറ്റാർ വാഴ, കറിവേപ്പ് തൈകളും വിവിധ ഇനം ഉദ്യാന സസ്യങ്ങളും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡിന്റെ രണ്ട് ബാച്ചുകളുടെ തെങ്ങുകയറ്റ പരിശീലനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്ന റിസർച്ച് ടെസ്റ്റിംഗ് & ട്രെയ്നിംഗ് സെന്ററിൽ വച്ച് 2024 ജനുവരി 29 മുതൽ ഫെബ്രുവരി 3 വരെയും, ഫെബ്രുവരി 12 മുതൽ 17 വരെയും തീയതികളിൽ നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2024 ജനുവരി 16 ചൊവ്വാഴ്ച തിരുവനന്തപുരം, വെള്ളായണി, ആർ.ടി.ടി സെന്ററിൽ രാവലെ 10 മണിക്കും 5 മണിയ്ക്കും ഇടയ്ക്ക് നടക്കുന്ന Walk in interview-ൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡ് കൊണ്ടുവരേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകുന്നതാണ്.

6. കടുത്തുരുത്തി മൃഗാശുപത്രി ഹാളിൽ വച്ച് 2024 ജനുവരി 18-ാം തീയതി **"കന്നുകാലികളുടെ ശാസ്ത്രീയ തീറ്റക്രമം"** എന്ന വിഷയത്തിൽ കർഷകർക്കായി പരിശീലനം നടത്തുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ളർ 04829-234323 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. മൃഗസംരക്ഷണ വകുപ്പ്-തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ജനുവരി മാസം 16, 17 തീയതികളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ **"ആടു വളർത്തൽ"** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ 0469-2965535 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ 9188522711 എന്ന നമ്പരിൽ വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

8. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി **"മൃഗക്ഷേമവും ആരോഗ്യവും"** എന്ന വിഷയത്തിൽ അന്താരാഷ്ട്ര വർക്ക്ഷോപ്പ് ജനുവരി 22ന് LRS തിരുവാഴാം കുന്നിൽ വച്ച് സംഘടിപ്പിക്കുന്നു. ഇതിന്റെ ഉദ്ഘാടനം മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി നിർവഹിക്കുന്നു

9. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ജനുവരി 22 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

10. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി 12 ന് രാവിലെ 10 മണിമുതൽ 4 മണിവരെ ജൈവകൃഷി എന്ന വിഷയത്തിൽ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0466 2212279, 0466 2912008, 6282937809 ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം